26/07/2011

# മദ്യനയം

1. കേരളീയ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ഗുരുതരമായ സാമൂഹ്യ പ്രശ്നങ്ങളും ഈ സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. ഈ സാമൂഹ്യവിപത്തിനെതിരെ ശക്തമായ വികാരമാണ് പൊതുസമൂഹത്തിൽ നിന്നും ഉയർന്നു വന്നു കൊണ്ടിരിക്കുന്നത്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ട് കർക്കശമായ മദ്യനയം രൂപീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

2. മദ്യവ്യവസായത്തെ ഒരു വരുമാന സ്രോതസ്സായി കാണാനോ എക്സൈസ്സ് വകുപ്പിനെ വെറുമൊരു regulatory സംവിധാനം എന്ന പരമ്പരാഗത ശൈലിയിൽ മുന്നോട്ടു കൊണ്ടു പോകുവാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതോടൊപ്പം ഉയർന്ന ഗുണനിലവാരമുള്ള മദ്യം ഉപഭോക്താവിന് ലഭ്യമാക്കുന്നതിനു നടപടികൾ കൈക്കൊള്ളും. സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സംവിധാനമായി എക്സൈസ് വകുപ്പിനെ മാറ്റിയെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

3. മദ്യ നയത്തിന് രൂപം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട എല്ലാവരുമായി സർക്കാർ വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. ചെത്തു തൊഴിലാളി, വിദേശമദ്യ തൊഴിലാളി സംഘടനകൾ, ബാറുടമകൾ, ഡിസ്റ്റിലറി/ബ്രൂവറി ഉടമകൾ ഇതിൽ ഉൾപ്പെടും. അതിലുപരി മദ്യവിരുദ്ധ-മദ്യ നിരോധന സംഘടനകൾ, ഡി-അഡിക്ഷൻ സെന്ററുകൾ നടത്തുന്ന സന്നദ്ധ സംഘടനകൾ, വ്യക്തികൾ, മതമേലദ്ധ്യക്ഷന്മാർ, രാഷ്ട്രീയസാമൂഹ്യ പ്രവർത്തകർ

എന്നിവരുമായും ഗൗരവമായ ചർച്ചകൾ ഉണ്ടായി. ഈ ആശയവിനിമയത്തിലൂടെ സർക്കാരിന് ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെയും, പൊതു സമൂഹത്തിന്റെയും ആവശ്യങ്ങളും, ആശങ്കളും, കാഴ്ചപ്പാടുകളും, വിലയേറിയ നിർദ്ദേശങ്ങളും ലഭിക്കുകയുണ്ടായി.

4. 2011-12 ലെ പുതുക്കിയ മദ്യ നയത്തിന് രൂപം നൽകുന്നതിൽ മേൽ പറഞ്ഞ ചർച്ചകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളും പൊതു വികാരങ്ങളും ആവുന്നത്ര സ്വീകരിച്ചിട്ടുണ്ട്.

5. ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനാണ് പ്രധാനമായും ബാറുകൾ അനുവദിക്കുന്നത്. എന്നാൽ ഈ ലക്ഷ്യത്തിൽ നിന്നും വ്യതി ചലിച്ച് ആവശ്യത്തിലധികം ബാറുകൾ സംസ്ഥാനത്ത് നിലവിൽ വന്നു കൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് നിലവിൽ 683 ബാറുകൾ പ്രവർത്തിക്കുന്നുണ്ട്. തീർച്ചയായും ഈ പ്രവണത കർശനമായി നിയന്ത്രിക്കപ്പെടണമെന്നാണ് സർക്കാർ കരുതുന്നത്. ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ അമിത വ്യാപനം തടയേണ്ടതുണ്ട്. ഇതിലേക്കായി എഫ്.എൽ 3 ലൈസൻസുകൾ അനുവദിക്കുന്നതിന് താഴെ പറയുന്ന പുതിയ നിബന്ധനകളും മാനദണ്ഡങ്ങളും കൊണ്ടു വരുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

## <u>വിദേശ മദ്യമേഖല</u>

6. പുതുതായി ബാറുകൾ അനുവദിക്കുമ്പോൾ അവ തമ്മിലുള്ള അകലം പഞ്ചായത്തുകളിൽ 3 കിലോമീറ്ററും മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ ഒരു കിലോമീറ്ററും വേണമെന്ന പുതിയ നിബന്ധന കൊണ്ടുവരുന്നതാണ്.

(i) 31-03-2012 വരെ 3 സ്റ്റാർ പദവിയിലുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നത് തുടരുന്നതാണ്. 01-04-2012 മുതൽ 4 സ്റ്റാറും അതിനു മുകളിൽ

പദവിയിള്ള ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് അനുവദിക്കുകയുള്ളു. 4 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നതിനുള്ള ദൂരപരിധി 200 മീറ്ററായി വർദ്ധിപ്പിക്കുന്നതാണ്.

(ii) 2013-14സാമ്പത്തിക വർഷം മുതൽ മിനിമം 25 മുറികളുള്ള 5 സ്റ്റാർ ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്കു മാത്രമേ ബാർ ലൈസൻസ് അനുവദിക്കുകയുള്ളു.

[illegible] തുടർന്നും 20 മുറികളുള്ള 3 സ്റ്റാറും അതിനു മുകളിലും പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നതാണ്. ബാറുകൾ തമ്മിലുള്ള ദൂരം സംബന്ധിച്ച പുതിയ നിബന്ധന ഇവിടെ ബാധകമാക്കുന്നതല്ല.

(iii) ദുഃഖവെള്ളിയാഴ്ച ഇനി മുതൽ ഡ്രൈ ഡേ ആയിരിക്കും.

(iv) യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18 ൽ നിന്നും 21 ആയി ഉയർത്തുന്നതാണ്.

(v) പ്രായപൂർത്തിയായ ഒരാൾക്ക് ഒരേ സമയം എല്ലാ ഇനം മദ്യവും കൂടി നിലവിൽ പരമാവധി 27.1 ലിറ്റർ കൈവശം വയ്ക്കാവുന്നതാണ്. ഇത് 15 ലിറ്ററായി നിജപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, ഇന്ത്യൻ നിർമ്മിത വിദേശ മദ്യം പരമാവധി 3 ലിറ്റർ മാത്രമേ കൈവശംവയ്ക്കാവൂഎന്നും നിജപ്പെടുത്തുന്നതാണ്.

(vi) ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം കുറക്കുവാൻ ഉദ്ദേശിക്കുന്നു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെയും, കോർപ്പറേഷൻ പ്രദേശത്ത് രാവിലെ 9 മണി മുതൽ രാത്രി 12 മണിവരെയും മാത്രമേ ഇനി മുതൽ ബാറുകൾ പ്രവർത്തിക്കാവൂ എന്ന നിബന്ധന കൊണ്ടു വരുന്നതാണ്. സൂര്യോദയം മുതൽ (6 മണി) അർദ്ധരാത്രി വരെ പ്രവർത്തന സമയം അനുവദിക്കുന്ന ചട്ടങ്ങളിൽ ഇതിനാവശ്യമായ ഭേദഗതി കൊണ്ടുവരുന്നതാണ്. നടപ്പു വർഷത്തെ ലൈസൻസ് ഫീസ് ഗവൺമെന്റ് സ്വീകരിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഈ നിബന്ധന 01/04/2012 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

7. ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകളിൽ കൃത്യമം കാണിക്കുമോ എന്ന ലൈസൻസികളുടെ സംശയനിവാരണത്തിനായി രാസപരിശോധനയ്ക്കായി ശേഖരിക്കുന്ന മദ്യം അടങ്ങിയ സാമ്പിൾ കുപ്പിയുടെ അടപ്പിന്മേൽ ലൈസൻസിയുടെ സീലും കുപ്പിയിൽ എഴുതി ഒട്ടിക്കുന്ന ലേബലിൽ ഒപ്പും വയ്ക്കാൻ ആവശ്യപ്പെടേണ്ടതാണ്. ഈ കാര്യത്തിൽ ലൈസൻസി /ഏജന്റ് വിസമ്മതം പ്രകടിപ്പിക്കുകയാണെങ്കിൽ മഹസ്സറിൽ രേഖപ്പെടുത്തേണ്ടതാണ്.

8. നിലവിൽ പാർട്ട്ണർഷിപ്പ് വ്യവസ്ഥയിൽ പ്രവർത്തിച്ചു വരുന്ന നക്ഷത്ര പദവി ഇല്ലാത്ത ബാർ ഹോട്ടലുകളുടെ പാർട്ട്ണർമാർ പിരിഞ്ഞ് പോകുന്നതിന് ഓരോ പാർട്ട്ണറും 2 ലക്ഷം രൂപ ഫീസ് അടച്ച് നിലവിലെ പാർട്ട്ണർഷിപ്പ് പുനർ രൂപീകരിക്കാവുന്നതാണ്. പുതുതായി പുറത്തു നിന്നും പാർട്ട്ണറെ ഉൾപ്പെടുത്തുന്നതിന് ഓരോ പാർട്ട്ണർമാർക്കും 20 ലക്ഷം രൂപ വീതം ഫീസ് അടക്കേണ്ടതാണ്.

## കള്ള് ചെത്ത് മേഖല

9. പരമ്പരാഗത വ്യവസായമെന്ന നിലയിൽ കള്ളുചെത്ത് വ്യവസായത്തെ പൂർണ്ണമായി സംരക്ഷിക്കുക എന്നതായിരിക്കും ഈ സർക്കാരിന്റെ നയം. എന്നാൽ വ്യാജ കള്ള് ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

10. ശുദ്ധമായ കള്ള് ലഭ്യമാക്കുകയും തൊഴിലാളികൾക്ക് ന്യായമായ വേതനവും ജോലി സുരക്ഷയും ഉറപ്പാക്കുന്നതിനും വേണ്ടി ഷാപ്പു നടത്തിപ്പ് മുൻ വർഷങ്ങളിൽ സൊസൈറ്റികളെ ഏൽപ്പിച്ചിരുന്നു. ഈ രണ്ടു ലക്ഷ്യങ്ങളും നേടുന്നതിൽ പരാജയപ്പെട്ട സാഹചര്യത്തിൽ സൊസൈറ്റി സംവിധാനം തുടരുവാൻ ഉദ്ദേശിക്കുന്നില്ല.

11. കള്ളുഷാപ്പുകൾ ഗ്രൂപ്പടിസ്ഥാനത്തിലാണ് അനുവദിക്കുക. എന്നാൽ, തൃശൂർ താലൂക്കിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും കള്ളു ചെത്ത് രംഗത്തെ എല്ലാ ട്രേഡ് യൂണിയനുകളും ഐക്യകണ്ഠേന ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഇവിടെ റേഞ്ച് അടിസ്ഥാനത്തിൽ കള്ള് ഷാപ്പുകൾ അനുവദിക്കുന്നതാണ്. കള്ളു ഷാപ്പ് നടത്തിപ്പ് സഹകരണ സംഘങ്ങൾക്ക് നൽകിയ വർഷത്തിന് തൊട്ടു മുമ്പുള്ള വർഷമായ 2006–07–ൽ ഷാപ്പ് നടത്തിയിരുന്നവർക്ക് മുൻഗണന നൽകുന്നതാണ്. ഷാപ്പ് വാങ്ങാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ, ഷാപ്പ് നടത്തിപ്പ് ഗ്രൂപ്പിൽപ്പെടുന്ന അതാത് ഷാപ്പ് തൊഴിലാളികളെ ഏൽപ്പിക്കാവുന്നതാണ്. തൊഴിലാളികൾ നടത്തുന്ന ഷാപ്പുകളെ KTWW Contribution ഒരു മാസത്തെ സേവനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും തുല്യമായ തുക അടക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതാണ്.

12. ഷാപ്പൊന്നിന് 50 തെങ്ങുകളും 5 തൊഴിലാളികളും 20 ചുണ്ടപനയ്ക്ക് രണ്ടു തൊഴിലാളികളും ഉണ്ടായിരിക്കണം എന്ന നിബന്ധന കർശനമായി നടപ്പിലാക്കുന്നതാണ്.

13. അരിഷ്ടാസവങ്ങളുടെ ചില്ലറ വിൽപനയ്ക്ക് (retail) നൽകി വരുന്ന (SP VII) ലൈസൻസ് ഫീസ് 1000 രൂപയും, മൊത്തക്കച്ചവടത്തിന് (Wholesale & Exporters)നൽകി വരുന്ന ലൈസൻസ് ഫീസ് 5000 രൂപയുമായി വർദ്ധിപ്പിക്കാവുന്നതാണ്. വ്യാപകമായി നിയമം ലംഘിച്ചു കൊണ്ട് ലൈസൻസികൾ അരിഷ്ടാസവങ്ങൾ നിർമ്മിച്ച് വിൽപന നടത്തി വരുന്നത് തടയാൻ നിലവിലുള്ള 2000 രൂപ ഫൈൻ 4000 രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് സ്പിരിച്ചസ് പ്രിപ്പറേഷൻ (കൺട്രോൾ) നിയമം 1960 ലെ നിയമം 17-ൽ ഭേദഗതി വരുത്താവുന്നതാണ്.

14. അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ആംനസ്റ്റി (Amnesty) സ്കീം 6 മാസത്തേക്കു കൂടി (31/12/2011) ദീർഘിപ്പിക്കുന്നതാണ്.

15. സംസ്ഥാനത്ത് ഇപ്പോൾ മൂന്നു ലാബുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. നിലവിലുള്ള സംവിധാനത്തിൽ പരിശോധനാഫലം വളരെ വൈകി ആഴ്ചകൾക്കു ശേഷം മാത്രമാണ് ലഭിക്കുന്നത്. ആയതിനാൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മദ്യത്തിന്റെ ഗുണനിലവാരം വേഗത്തിൽ പരിശോധിക്കുന്നതിനുള്ള മൊബൈൽ ലാബുകൾ ആരംഭിക്കുന്നതാണ്.

16. സിനിമകളിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ മദ്യപാനം ആരോഗ്യത്തിനു ഹാനികരം എന്ന സ്റ്റാറ്റ്യൂട്ടറി വാർണിങ്ങ് പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കുന്നതാണ്.

17. മദ്യാസക്തി നിയന്ത്രിക്കുന്നതിനായി ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്. അതുപോലെ മദ്യവിപത്തിനെതിരെ വ്യാപകമായ ബോധവൽക്കരണവും ആവശ്യമാണ്. ഇതിലേക്കായി എക്സൈസ് വകുപ്പിന്റെ

നേതൃത്വത്തിൽ സമഗ്രമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. മദ്യ-വിരുദ്ധ ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾക്കു വേണ്ടി 20 ലക്ഷം രൂപ മാത്രം വകയിരുത്തിയ സ്ഥാനത്ത് ഈ സർക്കാർ 2 കോടി രൂപ ഈ വർഷം ചെലവഴിക്കുന്നതാണ്. ഇതു കൂടാതെ ഈ നയത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി എക്സൈസ് വകുപ്പിനെ നവീകരിക്കുകയും എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്.